# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 6810 — 10.07.2014 - ൽ മറുപടിയ്ക്ക്

## ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്രസാദം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. പി. വിൻസെന്റ്<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന പ്രസാദം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളിലെ വിളർച്ചാ രോഗം - അനീമിയ പരിഹരിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'പ്രസാദം'. ടി പദ്ധതി ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്. പദ്ധതിയ്ക്കായി മൂന്ന് ജില്ലകൾക്കും കൂടി 20,00,000/- (ഇരുപത് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) സ്കൂൾ വിദ്യാർത്ഥികളിലെ വിളർച്ചാ രോഗം - അനീമിയ ആയുർവേദ ശാസ്ത്ര വിധി പ്രകാരം പാർശ്വഫല രഹിതമായി പരിഹരിക്കുക എന്നതാണ് 'പ്രസാദം' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (സി) വിദ്യാർത്ഥികളിലെ രക്തക്കുറവ് പാർശ്വഫല രഹിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (സി) ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ വിദ്യാർത്ഥികൾക്ക് രക്ത പരിശോധന നടത്തി വിളർച്ചാ രോഗം -അനീമിയ കണ്ടെത്തുന്ന കുട്ടികൾക്ക് ആവശ്യമായ ആയുർവേദ ഔഷധങ്ങൾ മെഡിക്കൽ ഓഫീസർമാരും പാരാ മെഡിക്കൽ സ്റ്റാഫും ഉൾപ്പെടുന്ന മെഡിക്കൽ ടീമിന്റെ നിർദ്ദേശാനുസരണം |

നൽകുന്നു. പിന്നീട് കൃത്യമായ ഇടവേളകളിൽ വീണ്ടും രക്ത പരിശോധന നടത്തി പുരോഗതി വിലയിരുത്തുകയും ഔഷധങ്ങൾ നൽകി വരികയും ചെയ്യുന്നു.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

(ഡി) ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി മെഡിക്കൽ ഓഫീസർമാരും പാരാ മെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടുന്ന ടീമും സ്കൂൾ തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ഹെഡ്മാസ്റ്റർ, പി.റ്റി.എ. പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ, അദ്ധ്യാപകർ എന്നിവർ ഉൾപ്പെടുന്ന ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. രക്ത പരിശോധനയിൽ വിളർച്ചാ രോഗം കണ്ടെത്തുന്ന വിദ്യാർത്ഥികളെ പരിശോധിച്ച് ആവശ്യമായ ഔഷധങ്ങൾ നൽകി കൃത്യമായ ഇടവേളകളിൽ വീണ്ടും രക്ത പരിശോധന നടത്തി പുരോഗതി വിലയിരുത്തുകയും ആവശ്യമായവർക്ക് വീണ്ടും ഔഷധങ്ങൾ നൽകുകയും ചെയ്യുന്നു. വിദ്യാഭ്യാസ വർഷാവസാനം പ്രോജക്ടിന്റെ നടത്തിപ്പിനെ അപഗ്രഥിച്ച് പഠനം നടത്തുന്നു.

സെക്ഷൻ ഓഫീസർ